
# മരിച്ചവരുടെ പുനരുത്ഥാനം

**THE RESURRECTION OF THE DEAD**




**“ഞാൻ തന്നെ
പുനരുത്ഥാനവും
ജീവനും ആകുന്നു”**

*“ഇതിങ്കൽ ആശ്ചര്യപ്പെടരുത്, കല്ലറകളിലുള്ളവർ എല്ലാവരും മനുഷ്യപുത്രന്റെ ശബ്ദം കേട്ട്........ പുനരുത്ഥാനം ചെയ്യുവാനുള്ള നാഴിക വരുന്നു” (യോഹ. 5:28, 29).*




ബൈബിൾ കൃത്യവും ശരിയുമായി എന്തു പഠിപ്പിക്കുന്നു എന്നുള്ള ഒരു ഉൾക്കാഴ്ച കൊണ്ട് ഈ മാസിക നിങ്ങളെ ധന്യരാക്കും. തുടർച്ചയായി ഈ മാസികയുടെ ഓരോ ലക്കങ്ങളിലെയും ലേഖനങ്ങൾ വഴി കുടുംബങ്ങൾക്കും ഭവനങ്ങൾക്കും പ്രത്യേക പ്രാധാന്യമുള്ള ജീവദായകമായ സന്ദേശങ്ങൾ ഇതു നല്കുന്നു. സകല ഭൂഗോത്രങ്ങൾക്കും വരുവാനുള്ള അബ്രഹാമിനോടുള്ള ദൈവത്തിന്റെ വാഗ്ദത്ത നിവൃത്തിയുടെ അനുഗ്രഹകാലത്തെ ഇതു വിളംബരം ചെയ്യുന്നു.




യുഗങ്ങളുടെ ദൈവിക നിർണ്ണയം (ഒരു സ്വതന്ത്ര ബൈബിൾ പഠന സഹായി) സകല ജാതികളുടെയും വീണ്ടെടുപ്പും യഥാസ്ഥാപനവും സംബന്ധിച്ചുള്ള ദൈവിക പദ്ധതിയുടെ ഒരു രൂപരേഖ വളരെ ലളിതമായി തെളിവായി തരുന്ന ബൈബിളിന്റെ ഒരു 'താക്കോൽ' അഥവാ ബൈബിൾ വായിക്കുന്നതിനുള്ള ഒരു സംക്ഷിപ്ത വിവരപ്പട്ടിക. തിന്മയ്ക്ക് നല്കപ്പെട്ടിരിക്കുന്ന അനുമതിയെ സംബന്ധിച്ചുള്ള അറിവിനും പ്രവാചകന്മാർ ദർശിച്ച സുവർണ്ണയുഗത്തിനായുള്ള ഒരുക്കത്തിനും ഈ കൃതി സഹായകം.

# മരിച്ചവരുടെ പുനരുത്ഥാനം

**"അവൻ അവരോട് യേശുവിനെയും പുനരുത്ഥാനത്തെയും കുറിച്ചു പ്രസംഗിച്ചു". മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ച് കേട്ടിട്ട് ചിലർ പരിഹസിച്ചു (അപ്പൊ. 17:18,32) മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എങ്കിൽ... ഞങ്ങളുടെ പ്രസംഗം വ്യർത്ഥം... നിങ്ങളുടെ വിശ്വാസവും വ്യർത്ഥം... ക്രിസ്തുവും ഉയർത്തിട്ടില്ല........ നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിലിരിക്കുന്നു. ക്രിസ്തുവിൽ നിദ്രകൊണ്ടവരും നശിച്ചുപോയി (1 കൊരി. 15:13-18).**

പുനരുത്ഥാനമെന്ന വാക്കു പുതിയ നിയമത്തിൽ 37 തവണയിൽ കുറയാതെ ഉപയോഗിച്ചിട്ടുണ്ട്. കൂടാതെ അതേ അർത്ഥം വരുന്ന മറ്റനേകം പ്രയോഗങ്ങളുമുണ്ട്. ക്രിസ്തുമതത്തിലെ ഗണ്യമായ എല്ലാ വിഭാഗങ്ങളും പുനരുത്ഥാനത്തിലുള്ള വിശ്വാസം പ്രഖ്യാപിച്ചിട്ടുണ്ട്. വേദസിദ്ധാന്തങ്ങളുടേയും, നിത്യജീവനെ സംബന്ധിച്ച പ്രത്യാശയുടേയും ഒരു അവിഭാജ്യഭാഗമായി പുനരുത്ഥാനത്തെ അവർ കണക്കാക്കുന്നു. ഈ വസ്തുതകളും ദൈവാത്മ നിശ്വസ്തമെന്ന്, എല്ലാ ക്രൈസ്തവരും അംഗീകരിക്കുന്നതും മുകളിൽ ഉദ്ധരിച്ചിരിക്കുന്നതുമായ തിരുവെഴുത്തിലെ നിസ്സംശയമായ പ്രസ്താവനകളും പരിഗണിക്കുമ്പോൾ നിങ്ങൾ പുനരുത്ഥാനത്തിൽ വിശ്വസിക്കുന്നുവോ എന്ന് ഏതെങ്കിലും ക്രൈസ്തവ സുഹൃത്തിനോട് ഞങ്ങൾ ചോദിക്കുന്നു എങ്കിൽ അത് വിചിത്രമായി തോന്നും.

എന്നിരുന്നാലും ക്രിസ്ത്യാനികൾക്ക് മരിച്ചവരുടെ പുനരുത്ഥാനത്തിൽ ഗണ്യമായ അളവിൽ വിശ്വാസം ഉണ്ടോ എന്ന് സംശയിക്കുന്നതിന് ഞങ്ങൾക്ക് പ്രബലമായ കാരണം ഉണ്ട്. തിരുവെഴുത്തുകളിലെ ഇതര സിദ്ധാന്തങ്ങളെ സംബന്ധിച്ച് വെളിച്ചം നൽകുന്നതിന് ഉപകരിക്കുന്നതിനാൽ മരിച്ചവരുടെ പുനരുത്ഥാനം എന്ന വിഷയം വളരെ പ്രധാനമാണ്. അതുകൊണ്ടാണ് ഈ വിഷയത്തിലേക്ക് ഞങ്ങൾ ശ്രദ്ധക്ഷണിക്കുകയും, വസ്തുത കളുടേയും തിരുവെഴുത്തുകളുടേയും വെളിച്ചത്തിൽ അതിനെ

പരിശോധിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നത്. ഒരു സൂക്ഷ്മ പരിശോധനയ്ക്കു ശേഷം ദൈവജനങ്ങളിൽ ഇനിയും അധികംപേർ പൂർവ്വാപരവിരുദ്ധമല്ലാതെ സയുക്തികവും, വേദാനുസൃതവുമായ നിലയിൽ പുനരുത്ഥാനത്തിൽ വിശ്വസിക്കുവാൻ ഇടവരും എന്നാണ് ഞങ്ങളുടെ പ്രതീക്ഷ.

## പുനരുത്ഥാനത്തെപ്പറ്റിയുള്ള ആധുനിക പ്രസംഗങ്ങൾ കുറഞ്ഞു വരുന്നു

"പുരോഹിതനെപ്പോലെ ജനങ്ങളും" എന്നൊരു പഴമൊഴിയുണ്ട്. ഒരു വിഷയം സംബന്ധിച്ച് ആചാര്യ വർഗ്ഗത്തിന്റെ വീക്ഷണ ഗതി. അതേപ്പറ്റിയുള്ള ജനസാമാന്യത്തിന്റെ വിശ്വാസത്തിന്റെ ചൂണ്ടു പല കയായി കണക്കാക്കാം.

മരിച്ചവരുടെ പുനരുത്ഥാനത്തെ സംബന്ധിച്ച് എല്ലാ വിഭാഗങ്ങളിലേയും പുരോഹിതവർഗ്ഗം കൈക്കൊണ്ടിരിക്കുന്ന വീക്ഷണഗതി നിഷ്പ്രയാസം മനസ്സിലാക്കാം. എന്തുകൊണ്ടെന്നാൽ ഈസ്റ്റർ ഞായറാഴ്ച (ഉയർപ്പിൻ ഞായറാഴ്ച) ഒഴികെ മറ്റവസരങ്ങളിൽ പുനരുത്ഥാനം പ്രസംഗവിഷയമാക്കാറില്ലെങ്കിലും ഓരോ ശവസംസ്കാര ശ്രുശ്രൂഷയോടും അത് അഭേദ്യമാം വിധം ബന്ധപ്പെട്ടിരിക്കുന്നു. മിക്ക വകുപ്പുകളിലേയും പുരോഹിത ഗണത്തിനും ജനസാമാന്യത്തിനും മരിച്ചവരുടെ പുനരുത്ഥാനത്തിൽ കേവലം വിശ്വാസമില്ലെന്ന് ഞങ്ങളുടെ പ്രസ്താവനയെ ഇമ്മാതിരി എണ്ണമറ്റ സന്ദർഭങ്ങൾ ന്യായീകരിക്കുന്നു.

ശവസംസ്കാരവേളയിൽ തിരുവെഴുത്തിൽ നിന്ന് ക്രിസ്ത്യാനികളുടെ പ്രത്യാശ എന്ന നിലയിൽ പുനരുത്ഥാന പരമായ ഭാഗങ്ങൾ വായിക്കുന്ന പതിവുണ്ടെന്നുള്ളത് വാസ്തവമാണ്. എന്നാൽ ഇത് ശ്രുശ്രൂഷകന്റെ ഒരു സൗജന്യമെന്ന നിലയിലേ തോന്നുന്നുള്ളു. ഈ വിഷയം സംബന്ധിച്ച് എന്തെങ്കിലും വായിക്കുന്നത് സ്വന്തം ചുമതലയായി അയാൾ കരുതുന്നു. അയാൾ മിക്കപ്പോഴും പ്രേതാത്മ വിശ്വാസികളുടേയും ക്രിസ്ത്യൻ സയൻസുകാരുടേയും വിശ്വാസത്തിലേക്ക് വഴുതിവീഴുകയാണ്. കാരണം അയാൾ സദസ്യരോട് പറയുന്നത് അവരുടെ

പരേതസുഹൃത്തിന്റെ ആത്മാവ് അവരോടുകൂടെ ആ മുറിയിൽ ചുറ്റിപ്പറ്റി നിൽക്കുന്നു എന്നും അനുവദിക്കുന്ന പക്ഷം അത് അവരോട് "നിങ്ങളുടെ കണ്ണുനീർ തുടയ്ക്കുക, എനിക്കുവേണ്ടി വിലപിക്കരുത്, ഞാൻ മഹത്വത്തിൽ പൂർവ്വാധികം ശ്രേയസ്സിലാണ്" എന്ന് പറയുമെന്നുമാണ്.

## മരണം മായയോ വാസ്തവമോ?

യഥാർത്ഥത്തിൽ വളരെയധികം ക്രിസ്ത്യാനികൾ മരണം ഒരു യാഥാർത്ഥ്യമല്ല, മായ മാത്രമാണ് എന്ന് വിശ്വസിക്കുന്നുണ്ട്. മനുഷ്യർ മരിക്കുന്നതായി തോന്നുന്നതേയുള്ളു, മരിക്കുന്നില്ല; മരണത്തിൽ അവർക്ക് ഉയർന്ന ഒരു ജീവിയുടെ പടിയിലേക്കുള്ള അവസ്ഥാന്തരം അനുഭവപ്പെടുകയാണ്. ക്രിസ്ത്യൻ ശാസ്ത്രജ്ഞന്മാർ "മരണം എന്ന ഒന്നില്ല" എന്നു പറയുന്നതു സത്യമാണ് എന്നെല്ലാമാണ് അവരുടെ അഭിപ്രായം.

ഇപ്രകാരമുള്ള വീക്ഷണഗതികൾ വച്ചു പുലർത്തുന്നവർക്ക് പൂർവ്വാപരവൈരുദ്ധ്യം കൂടാതെ "മരിച്ചവരുടെ പുനരുത്ഥാനത്തിൽ" വിശ്വസിക്കുവാൻ സാദ്ധ്യമല്ല. കാരണം, ആരും മരിക്കുന്നില്ലെങ്കിൽ മരിച്ചവരുടെ പുനരുത്ഥാനം ഉണ്ടാകുന്നതെങ്ങനെ. മരിച്ചവർക്ക് മരിക്കുന്നതിനു മുൻപ് ഉണ്ടായിരുന്നതിലും ഉപരിയായ തോതിൽ ജീവൻ ഉണ്ടായിരിക്കുന്ന പക്ഷം മരിച്ചവരുടെ ജീവനിലേക്കുള്ള പുനരുത്ഥാനത്തെ സംബന്ധിച്ച് സംസാരിക്കുന്നതിൽ എന്തർത്ഥമാണുള്ളത്?

## ശരീരത്തിന്റെ പുനരുത്ഥാനം

പുനരുത്ഥാനം എന്ന് പറയപ്പെടുമ്പോൾ ശരീരത്തിന്റെ പുനരുത്ഥാനം എന്നു മാത്രമാണ് ഞങ്ങളുടെ വിവക്ഷ എന്നു നൂറുകണക്കിന് സഭാശുശ്രൂഷകർ പറയാറുണ്ട്. അതായത് മൺമറഞ്ഞ ഉടലുതന്നെ ശവകുടീരത്തിൽ നിന്ന് പുറത്തുവരും എന്നും മരണവേളയിൽ വേർപെട്ട ആത്മാവ് ഉയർപ്പിൽ ആ ശരീരത്തിൽ പുനരധിവാസം ചെയ്യുമെന്നുമാണ് ഈ വാദത്തിന്റെ സാരം.

കൊള്ളാം! ഉദ്ദേശശുദ്ധിയുള്ളവരും പണ്ഡിതരുമായ വളരെപ്പേർ ഈ മാതിരി അബദ്ധോപദേശത്തിൽ കുഴങ്ങുമെന്ന് ആർ കരുതും? ഈ സിദ്ധാന്തം അതിൽത്തന്നെ പൊരുത്തമില്ലാത്തതാണ്. ഈ വിധ പ്രതീക്ഷ വേദവിരുദ്ധമാണെന്ന് തിരുവെഴുത്തിൽ നിന്ന് തെളിയിക്കുവാൻ കഴിയും. എന്നാൽ അതിനു മുൻപുതന്നെ ഈ വാദത്തിന് അതിൽത്തന്നെയുള്ള പൊരുത്തക്കേട് വ്യക്തമാക്കാം.

## "പൊരുത്തം വിലപ്പെട്ട മുത്താണ്"

1. ദേഹമാകുന്ന ചങ്ങലയിൽ നിന്ന് മോചനം ലഭിച്ചതുകൊണ്ട് പരേതനു മേൽത്തരമായ ഒരവസ്ഥ കൈവരുന്നു എന്ന് അവർ പറയുന്നു. മൺമയമായ ഉടലിന്റെ പ്രതിബന്ധം മാറുന്നതോടെ മൃതന്മാരുടെ ആത്മാക്കൾ ദൈവത്തിങ്കലേക്കു പറന്നുയരുമത്രെ. മൃതന്മാർക്കു കൈവരുന്ന സ്വാതന്ത്ര്യം, സൗഭാഗ്യം, മഹത്വം, ഇവ ആവേശഭരിതമായി അവർ വർണ്ണിക്കും. ദേഹം വർജ്ജിച്ചതുകൊണ്ട് അവർക്ക് വർദ്ധിച്ച തോതിൽ ജീവനും നൂറുമടങ്ങായി ജ്ഞാനവും, അളവറ്റ സൗഭാഗ്യവും വരികയാണത്രെ.

2. ഇതേ ശ്വാസത്തിൽത്തന്നെ ഉയിർപ്പിനെ സംബന്ധിച്ച തിരുവെഴുത്തുകൾ ഇവർ ഉദ്ധരിച്ചുകൊണ്ട് കുഴിച്ചിടപ്പെട്ട അതേ ജഡശരീരംതന്നെ ക്രിസ്തുവിന്റെ രണ്ടാം വരവിങ്കൽ എഴുന്നേൽക്കപ്പെടുമെന്ന് വാദിക്കുന്നു. ഡോക്ടർ തൽമേജിന്റെ പുനരുത്ഥാനത്തെ സംബന്ധിച്ച സുപ്രസിദ്ധമായ പ്രഭാഷണത്തിൽ ഉയിർപ്പിൻ പുലരിയുടെ ഒരു വർണ്ണന കാണാം. ഭൂമിയുടെ വിഭിന്ന ഭാഗങ്ങളിൽ നിന്ന് വരുന്ന മനുഷ്യദേഹാവശേഷങ്ങൾ മൂലം ആകാശം ഇരുണ്ടുപോകുമത്രെ. അപകടമോ, രോഗമോ, ശസ്ത്രക്രിയയോകൊണ്ട് പലയിടത്തായി വേർപെട്ടുകിടക്കുന്ന നഷ്ടപ്പെട്ടുപോയ വിരലോ, പാദമോ, കയ്യോ അവിടെ നിന്നെല്ലാം വന്നു ചേർന്ന് ഒരുമിക്കുമത്രെ. മരണത്തിൽ വേർപെട്ട ആത്മാക്കൾ ആ അവസരം തങ്ങളുടെ ശാശ്വത ഭവനമായി അതതു ശരീരങ്ങളിൽ കുടിയേറുമെന്ന് അവർ പറയുന്നു. ഇങ്ങനെയുള്ള ഒന്നാണ് പുനരുത്ഥാനം എങ്കിൽ അതിൽ പ്രശംസിക്കാനെന്തിരിക്കുന്നു? എന്നാൽ പുനരുത്ഥാനത്തെ രക്ഷയുടെ മഹത്വപൂർണ്ണമായ ഫലവും

പൂർത്തിയുമായി തിരുവെഴുത്തുകൾ ഘോഷിക്കുന്നതുകൊണ്ട് ഇവരും അതിൽ ആഹ്ലാദം ഭാവിക്കാൻ നിർബന്ധിതരായിത്തീരുന്നു. എന്നിട്ട് പുനരുത്ഥാനം എത്ര മഹത്തരവും ശ്രേഷ്ഠവും എന്ന് പറയുന്നു. എന്നാൽ അവർ സിദ്ധാന്തിക്കുന്നവിധമുള്ള ഒന്നാണ് ഉയിർപ്പെങ്കിൽ അത് തെല്ലും സ്വാഗതാർഹമല്ല; അഭികാമ്യമല്ല.

ഈ രണ്ടു വാദഗതികളിലുമുള്ള പരസ്പരവൈരുദ്ധ്യം അവർ അവഗണിച്ചു കളയുന്നു. അവരുടെ വിചാരം ശ്രോതാക്കളും തങ്ങൾക്കൊപ്പം യുക്തിശൂന്യരും പൂർവ്വാപരബോധം കെട്ടവരുമാണെന്നാണ്. അവരുടെ ശ്രോതാക്കളിൽ ഭൂരിപക്ഷവും ഈ പൊരുത്തക്കേടിനെ വിഷമംകൂടാതെ വിഴുങ്ങുന്നു. പോരാ, അവരിൽ അനേകരും തങ്ങളുടെ വിശ്വാസം എത്രമേൽ യുക്തിരഹിതവും പരസ്പരവിരുദ്ധവും ആകുമോ അത്രമേൽ അതിൽ അഭിമാനം കൊള്ളുകയാണ്. കാരണം, അപ്പോൾ തങ്ങളുടെ വിശ്വാസം ബലവത്താണെന്ന് അവർ കരുതുന്നു. എന്തും എളുപ്പം വിശ്വസിക്കുന്നവരാണ് അവർ എന്നതാണ് വാസ്തവം. എന്നാൽ തിരുവെഴുത്ത് ഉപദേശിക്കാത്തതും അതിന് വിപരീതവും, യുക്തിശൂന്യവുമായ കാര്യങ്ങൾ വിശ്വസിക്കുന്നതിന് അവർക്ക് പ്രതിഫലമൊന്നും ലഭിക്കുന്നതല്ല.

## ഇപ്രകാരമെങ്കിൽ പുനരുത്ഥാനം നിരാശാജനകം

മരണത്തിൽ കൂടുതൽ സമൃദ്ധമായ ജീവനും നൂറുമടങ്ങായ അറിവും പ്രയാണസ്വാതന്ത്ര്യവും ലഭിക്കുമെങ്കിൽ പുനരുത്ഥാനം മേൽപ്പറഞ്ഞ നിലയിൽ നിരാശാജനകമായിരിക്കുമെന്ന് ആർക്കാണ് മനസ്സിലാകാത്തത്? കാരണം ആ വാദഗതി അനുസരിച്ച് പുനരുത്ഥാനമെന്നാൽ ഒരു കളിമൺ ഭാണ്ഡത്തിൽ ശാരീരികമായ നിയന്ത്രണങ്ങളോടും മാനുഷികമായ പരിമിതികളോടുംകൂടി മനുഷ്യനെ വീണ്ടും തടവിലിടുകമാത്രമാണ്. ശരീരമോ ശാരീരികമായ പരിമിതികളോ കൂടാതെ മനുഷ്യൻ മരണാനന്തരം നൂറ്റാണ്ടുകളായി പ്രപഞ്ചമാകെ ഒരു സ്വതന്ത്രാത്മാവായി സ്വൈരവിഹാരം ചെയ്തുകൊണ്ടിരിക്കുകയായിരുന്നെങ്കിൽ അവനെ വീണ്ടും ഒരു മനുഷ്യശരീരത്തിൽ തടവിലിടുന്നപക്ഷം ദൈവത്തിന്റെ പ്രവൃത്തി യുക്തമെന്ന് വരുമോ? ശവസംസ്കാര വേളയിൽ പ്രസംഗകർ അവകാശപ്പെടു

ന്നതുപോലെ ദേഹമില്ലായ്മ അനുഗ്രഹപൂർണ്ണമാണെങ്കിൽ ദേഹത്തിന് പുനരുത്ഥാനം നൽകി അതിൽ ആത്മാവിനെ കുടിപ്പാർപ്പിക്കുന്നതുകൊണ്ട് കൂടുതലായി എന്ത് നേടാൻ കഴിയും? ക്രൈസ്തവരിൽ ബഹുഭൂരിപക്ഷവും പുനരുത്ഥാനത്തിൽ വിശ്വസിക്കുന്നില്ല എന്ന ഞങ്ങളുടെ  വാദം ന്യായീകരിക്കത്തക്കതാണെന്ന് ഈ പരിഗണനകൾ തെളിയിക്കുന്നു. വേദം ഉപദേശിക്കുന്ന "മരിച്ചവരുടെ പുനരുത്ഥാന"മാകട്ടെ അവർതന്നെ ഉപദേശിക്കുന്ന ശരീരത്തിന്റെ പുനരുത്ഥാനമാകട്ടെ അവർ അംഗീകരിക്കുന്നില്ല എന്നുള്ളതാണ് വാസ്തവം.

## വേദാനുസരണമായ പ്രത്യാശ

ഈ മുഖവുരയോടുകൂടി "മരിച്ചവരുടെ പുനരുത്ഥാനം" എന്ന വിഷയത്തെ സംബന്ധിച്ച് തിരുവെഴുത്ത് എന്തു പഠിപ്പിക്കുന്നു എന്ന് പരിശോധിക്കാം. എന്തുകൊണ്ടാണ്, ഏതുനിലയിലാണ് പുനരുത്ഥാനത്തെ ലോകത്തിന്റെ പ്രത്യാശയായി ഒരേ ഒരു അനുഗ്രഹിക്കപ്പെട്ട പ്രത്യാശയായി തിരുവെഴുത്തുകൾ വർണ്ണിക്കുന്നത്. സ്വർഗ്ഗീയ പുനരുത്ഥാനത്തിന് പങ്കുകാരാകേണ്ട സഭയുടെ മാത്രമല്ല ന്യായവിധിക്കായുള്ള പുനരുത്ഥാനത്തിൽ ഓഹരി ലഭിക്കേണ്ട ലോകത്തിന്റെയും പ്രത്യാശയായിട്ടാണ് പുനരുത്ഥാനത്തെപ്പറ്റി തിരുവെഴുത്തുകൾ പ്രസ്താവിക്കുന്നത്. ന്യായവിധിക്കായുള്ള പുനരുത്ഥാനം എന്ന പ്രയോഗത്തെ ശിക്ഷാവിധിക്കായുള്ള പുനരുത്ഥാനമെന്ന് ചില ഭാഷാന്തരങ്ങളിൽ കാണുന്നത് തെറ്റാണ് (യോഹ. 5:29).

പുനരുത്ഥാനത്തെ സംബന്ധിച്ച വേദോപദേശം സ്വീകരിക്കുന്നവർ മരണത്തെസംബന്ധിച്ച വേദോപദേശവും സ്വീകരിക്കണം. അതായത് മരണമെന്നാൽ മരണം തന്നെയാണ് – ജീവന്റെ വിരാമമാണ് – എന്ന് സമ്മതിക്കണം.  അപ്പോൾ മാത്രമെ നാം എടുത്തിരിക്കുന്ന ആധാര വാക്യത്തിൽ അപ്പൊസ്തലന്റെ പ്രസ്താവന സുഗ്രഹമാകൂ. മരിച്ചവർ ഉയിർക്കുന്നില്ലെങ്കിൽ ........... ക്രിസ്തുവിൽ നിദ്രകൊണ്ടവരും നശിച്ചുപോയി. തിരുവെഴുത്തുകൾ ഇതര ഭാഗങ്ങളിൽ പഠിപ്പിക്കുന്നതിൽ നിന്ന് ഭിന്നമോ അതിനു യോജിക്കാത്തതോ അല്ല ഇത്. മരിച്ചവർ മരണശേഷവും ജീവിച്ചിരിക്കുകയാണ് എന്നല്ല; മരി

ച്ചവർ മരിച്ചവർ തന്നെ എന്നാണ് അത് സർവ്വത്ര ഉപദേശിക്കുന്ന ത്. "അന്നുതന്നെ അവന്റെ നിരൂപണങ്ങൾ നശിക്കുന്നു" (സങ്കീ. 146 :4) എന്ന് ഏകസ്വരത്തിൽ തിരുവെഴുത്തുകൾ പറയുന്നു. മരിച്ച വരെക്കുറിച്ച് അത് വീണ്ടും പറയുന്നത് നോക്കുക (ഇയ്യോ. 14:21: സഭാ. 9:10).

## നാം ആരെ വിശ്വസിക്കണം ദൈവത്തേയോ, സാത്താനേയോ?

ആധുനിക ഉപദേഷ്ടാക്കളും തിരുവെഴുത്തും തമ്മിൽ ഇവിടെ നേരിട്ടൊരെതിർപ്പിലാണ്. മരിച്ചവർ ഒന്നും അറിയുന്നില്ല എന്ന തിരു വെഴുത്തും, അവർക്ക് എല്ലാം അറിയാമെന്ന് ആധുനിക വേദശാ സ്ത്രജ്ഞന്മാരും. "നീ ചാകവേ ചാകും" എന്ന് പാപംമൂലം നമ്മുടെ വർഗ്ഗത്തിന് ദിവ്യ ന്യായാസനം വിധിച്ച ശിക്ഷ വാസ്തവത്തിൽ അനുഭവിച്ചുകൊണ്ട് മരിച്ചവർ യഥാർത്ഥത്തിൽ മരിച്ചിരിക്കുകതന്നെ യാണെന്ന് വേദം അവകാശപ്പെടുന്നു. "നിങ്ങൾ നിശ്ചയമായും മരി ക്കുകയില്ല" (ഉല്പ. 3:4) എന്ന പിശാചിന്റെ വ്യാജ പ്രസ്താവന യാണ് എതിർപക്ഷം അംഗീകരിച്ചിരിക്കുന്നത്. മരിച്ചവർ ജീവിച്ചി രിക്കുകയാണെന്ന് തെളിയിക്കാൻ അവർ ബദ്ധപ്പെടുന്നു. പാപത്തിന് ദൈവം വിധിച്ച ശിക്ഷ നടപ്പിലായില്ലെന്നും മരണം നമ്മുടെ വർഗ്ഗ ത്തിന് വന്നുകൂടിയ ശാപമോ ശിക്ഷയോ അല്ല, മറിച്ച് ഒരനുഗ്രഹവും പരിണാമ ഗതിയിലെ ഒരു ചുവടുവയ്പും മാത്രമാണെന്നും അവർ വാദിക്കുന്നു. ഈ രണ്ടു സിദ്ധാന്തങ്ങളും തമ്മിൽ ധ്രുവങ്ങളോളം അന്തരമുണ്ട്. ഒന്നിന്റെ ഉപദേഷ്ടാവ് ദൈവവും മറ്റേതിന്റെ ഉപദേ ഷ്ടാവ് ആദിമുതൽ ഭോഷ്ക്കുപറയുന്നവനായ പിശാചുമാണ് (യോഹ. 8:44). ഇതിൽ ഏതാണ് നാം വിശ്വസിക്കേണ്ടത്?

രക്ഷയുടെ മുഴുവൻ വ്യവസ്ഥയും ഈ ചോദ്യത്തോട് ബന്ധ പ്പെട്ടതാണ്. ആദാം വഴി പാപത്തിന്റെ ശിക്ഷയായി വന്നു ചേർന്നത് മരണം; അല്ലെങ്കിൽ പുനരുത്ഥാനം വഴി ക്രിസ്തുവിലൂടെ ദൈവം നൽകുന്ന പ്രതിഫലവും അനുഗ്രഹവും "ജീവൻ-സമൃദ്ധിയായി ജീവൻ" ആയിരിക്കുകയില്ല. ക്രൈസ്തവ ലോകം പൊതുവിൽ അംഗീകരിച്ചിരിക്കുന്നതും അവരുടെ മനസ്സിനെ കുരുടാക്കുന്നതിന്

പ്രേരകവുമായ ഈ പൈശാചിക സിദ്ധാന്തം ഏതർത്ഥത്തിലും പാപ ത്തിന്റെ ശിക്ഷ മരണമാണെന്ന ദിവ്യാജ്ഞയ്ക്ക് വിപരീതമാണ്. ഈ ശിക്ഷാവിധിയിൽ നിന്നും മനുഷ്യനെ മോചിപ്പിക്കുവാൻ ക്രിസ്തു മരിച്ചു. മരിച്ചവരുടെ പുനരുത്ഥാനം വഴിയാണ് ഈ മോചനം കൈവ രുത്തുന്നത്. അപ്പൊസ്തലൻ, നാമെടുത്ത ആധാരവാക്യത്തിൽ പറയും പ്രകാരം അവർക്ക് മറ്റൊരു മാർഗ്ഗത്തിലും ഭാവിജീവിതം ലഭിക്കുകയില്ല. ഈ ദൈവീക വ്യവസ്ഥകൾക്ക് വിപരീതമാണ് പിശാ ചിന്റെ നിലപാട്. പിശാചിന്റെ സിദ്ധാന്തം കൊണ്ടുവരുന്നതാകട്ടെ മരണം ഒരനുഗ്രഹമാണ്; മരണംകൊണ്ട് ജീവന്റെ പൂർണ്ണതയും സ്വാതന്ത്ര്യവും സന്തോഷവും കൈവരുന്നു. പുനരുത്ഥാനം ഒരു ശാപമാണ് അത് ബന്ധനം, തടവ്, പ്രയാസം, പരിമിതി, വേദന, പീഢ എന്നിവയ്ക്കു കാരണമാകുന്നു എന്നെല്ലാമാണ്.

എതിരാളിയായ സാത്താന്റെ വഞ്ചനക്ക് വിധേയരായി ക്രൈസ്തവ മണ്ഡലത്തിലെ ഭൂരിപക്ഷം വേദശാസ്ത്രജ്ഞന്മാരും ധൃതഗതിയിൽ അവരുടെ അസംഖ്യം അനുയായികളും - ഏക മനു ഷ്യനാൽ (ആദാം) മരണം വന്നതു പോലെ ഏക മനുഷ്യനാൽ (മനുഷ്യനായ ക്രിസ്തുയേശു) മരിച്ചവരുടെ പുനരുത്ഥാനവും വരു ന്നു- ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും - (1 കോരി. 15:21,22) എന്ന പാപ പരിഹാരസിദ്ധാന്തം ഉപേക്ഷിച്ചു വരികയാണ്.

## പുനരുത്ഥാനവും പരിണാമവാദവും പരസ്പര വിരുദ്ധം

മരണം യാഥാർത്ഥ്യമാണെന്നുള്ള വസ്തുത നിഷേധിച്ചാൽ പാപത്തിന്റെ യാഥാർത്ഥ്യത്തേയും നിഷേധിക്കുവാൻ വിഷമം വരികയില്ല. ദൈവത്തിന്റെയല്ല, കുരങ്ങിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലുമാണ് ആദാം സൃഷ്ടിക്കപ്പെട്ടതെങ്കിൽ ബുദ്ധിയുടെ ആ താണപടിയിൽ നിത്യജീവനായുള്ള പരിശോധന യുക്ത മാകുമായിരുന്നില്ല. ആ നിലയ്ക്ക് അടുത്ത പടിയായി ആദാമിന് ഒരു പരിശോധനയും തുടർന്ന് വീഴ്ചയും ഉണ്ടായി എന്ന വസ്തുതകൾകൂടി നിഷേധിക്കപ്പെടും. വീഴ്ചയെ നിഷേധിക്കുകയും

വാനരസാദൃശ്യത്തിൽ നിന്ന് മനുഷ്യൻ ക്രമേണ ദൈവസാദൃശ്യത്തിലേക്ക് പരിണമിച്ചുകൊണ്ടിരിക്കുകയാണെന്ന് വാദിക്കുകയും ചെയ്താൽ അതിനടുത്ത പടിയായി മനുഷ്യന് ഒരിക്കലും വീഴ്ച ഭവിച്ചിട്ടില്ലെന്നും തന്മൂലം അവനു ഒരു വീണ്ടെടുപ്പിന്റെ ആവശ്യം ഇല്ലെന്നും കൂടെ അവകാശപ്പെടുന്നത് അസ്ഥാനത്തല്ല.

ക്രിസ്തു നമ്മുടെ വീണ്ടെടുപ്പുകാരനാണ്, "അവൻ നമ്മുടെ (സഭയുടെ) പാപങ്ങൾക്ക് പ്രായശ്ചിത്തമാകുന്നു. നമ്മുടേതിനു മാത്രമല്ല സർവ്വലോകത്തിന്റെ പാപത്തിനുംതന്നെ" (1 യോഹ. 2:2; 1തിമൊ. 2:5,6). ആദാമിൽ നഷ്ടമായ ജീവൻ തിരികെ വിലയ്ക്കുകൊള്ളുന്നതിനായി അവൻ തന്റെ ജീവൻ മറുവിലയായി നൽകി എന്നെല്ലാം തിരുവെഴുത്തുകൾ ആവർത്തിച്ചാവർത്തിച്ചു പ്രഖ്യാപിക്കുന്നതിനെ നിഷേധിക്കുകയായിരിക്കും മേൽപ്പറഞ്ഞ വേദവിരുദ്ധമായ യുക്തിചിന്തകളേക്കാൾ ഉചിതം.

## അനേകരും കടുത്തവഞ്ചനയിൽ

ക്രൈസ്തവമണ്ഡലത്തിലെ പ്രമുഖോപദേഷ്ടാക്കൾ തന്നെയും സുവിശേഷത്തിന്റെ മുഖ്യതത്വങ്ങളായി അപ്പൊസ്തലൻ പണ്ട് പ്രസ്താവിച്ച വസ്തുതകളെ നിഷേധിക്കുന്നു. ''അവൻ യേശുവിനെയും പുനരുത്ഥാനത്തെയും പ്രസംഗിച്ചു". പാപത്തിലും തത്ഫലമായ ശാപത്തിലും നിന്നുള്ള ഉദ്ധാരകനായി യേശുവിനേയും ആ വീണ്ടെടുപ്പിൻ വേലയുടെ മഹാസിദ്ധിയായി പുനരുത്ഥാനത്തേയും അവൻ എടുത്തുകാട്ടി. തിരുവെഴുത്തുകളിലെ വ്യവസ്ഥകളിൻ പ്രകാരം നിത്യജീവൻ പ്രാപിക്കാൻ ഇച്ഛിക്കുന്നവർക്കെല്ലാം മറുവിലയാഗത്താൽ സമ്പാദിച്ച അനുഗ്രഹം ലഭ്യമാകുന്നത് പുനരുത്ഥാനം വഴിയാണല്ലോ. ഇക്കാലത്ത് വർദ്ധിച്ചുവരുന്ന അവിശ്വാസത്തെ സംബന്ധിച്ച് കർത്താവു തന്നെ പറഞ്ഞിരിക്കുന്നു. "മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?" (ലൂക്കൊ.18:8).

## ഇന്ദ്രിയാനുഭവങ്ങളിൽ നിന്നുള്ള തെളിവ്

മനുഷ്യരെന്ന നിലയിൽ സ്രഷ്ടാവിൽ നിന്ന് നമുക്ക്

ലഭിച്ചിരിക്കുന്ന പഞ്ചേന്ദ്രിയങ്ങൾ വഴി ഉണ്ടാകുന്ന ബോധം മരണത്തെ സംബന്ധിച്ച് തിരുവെഴുത്ത് പറയുന്നതിനോടൊക്കുന്നുണ്ട്. അതാണ് നാം പ്രതീക്ഷിക്കേണ്ടതും. എന്നാൽ തിരുവെഴുത്തുമായി വിയോജിക്കുന്നെങ്കിൽ നമ്മുടെ ഇന്ദ്രിയബോധം മിഥ്യാവിധേയമാണെന്ന വസ്തുത ഇവിടെ മറക്കുന്നില്ല. തിരുവെഴുത്തുകൾക്ക് വിരുദ്ധമായ ഏതെങ്കിലും മാനുഷിക സിദ്ധാന്തങ്ങൾ നമ്മുടെ ഇന്ദ്രിയബോധവുമായി പൊരുത്തപ്പെടാതെ വരുമ്പോൾ പഞ്ചേന്ദ്രിയ ദ്വാരാ ലഭിക്കുന്ന അറിവുതന്നെ ശരിയെന്നു നാം തീരുമാനിക്കണം. എന്നാൽ തിരുവെഴുത്തും പഞ്ചേന്ദ്രിയങ്ങളും ഏകോപിക്കുന്ന വസ്തുതയിൽ രണ്ടിനും വിരുദ്ധമായ മാനുഷിക സിദ്ധാന്തങ്ങൾ നിശ്ചയമായും അബദ്ധമായിരിക്കും. ദൈവദത്തമായ ജ്ഞാനേന്ദ്രിയങ്ങളേയും (പാപഫലമായി ദുർബലപ്പെട്ടതെങ്കിലും) ദിവ്യസാക്ഷ്യത്തേയും നിരസിക്കുന്നവർ ഇരുളിലും ഇടർച്ചയിലും അകപ്പെടുമെന്നേ പ്രതീക്ഷിക്കാനാകൂ. പത്തൊൻപത് നൂറ്റാണ്ടുകൾക്ക് മുൻപ് എന്നപോലെ ഇന്നും അവിശ്വാസത്തിന്റെയും അബദ്ധങ്ങളുടെയും പടുകുഴിയിലേക്കു കുരുടൻ കുരുടനെ നയിച്ചുകൊണ്ടിരിക്കുന്നു.

ദൈവവചനത്തിനൊപ്പം നമ്മുടെ ജ്ഞാനേന്ദ്രിയങ്ങളുടെയും സാക്ഷ്യം; മരണം എന്നാൽ ജീവൻ നഷ്ടപ്പെടുകയാണെന്നത്രെ. ജീവൻ വർദ്ധിച്ചു കിട്ടുക എന്നല്ല, മരിക്കുന്ന ഒരാളെ നോക്കുക, അവന്റെ മാനസികവും ശാരീരികവുമായ ശക്തികൾ ക്ഷയിച്ചുവരുന്നു, അവസാനം ജീവന്റെ പൊരി നിശ്ശേഷം അണയുന്നു. അവനിൽ നിന്ന് ഒന്നും പുറംകടക്കുന്നതായി നിങ്ങൾ കാണുന്നില്ല. മരണവേദനകളുടെ ഞരക്കമല്ലാതെ ഒന്നും കേൾക്കുന്നില്ല. ഹൃദയസ്പന്ദനം മന്ദീഭവിക്കുന്നത് നിങ്ങൾക്കറിയാം. ശ്വാസത്തിനു വേണ്ടിയുള്ള ക്ലേശം വ്യക്തമായിക്കാണാം. ജ്ഞാനേന്ദ്രിയങ്ങളുടെ പ്രവർത്തന ഫലമായി ഈ വിഷയം സംബന്ധിച്ച് നിങ്ങൾക്ക് ഉണ്ടാകുന്ന അറിവ് നിങ്ങൾക്ക് പ്രിയങ്കരനായിരുന്ന സുഹൃത്ത് മരിച്ചിരിക്കുന്നു - ജീവിക്കുകയല്ല എന്നുതന്നെ. നിങ്ങൾ ചുറ്റുപാടുകളെ നിരീക്ഷിക്കുകയും ഈ കാര്യം ചിന്താവിഷയമാക്കുകയും ''ഇനി എന്ത്'' എന്നു

മറ്റുള്ളവരോട് ആരായുകയും ചെയ്യുന്നു. നിങ്ങളുടെ ജ്ഞാനേന്ദ്രിയങ്ങൾ ഗ്രഹിക്കുന്നത് "ഇനിയും ജീർണ്ണിക്കലാണ്, ജീവന്റെ പൊരി അണഞ്ഞതോടെ മൃതദേഹം സംസ്കരിക്കപ്പെടണം, പൊടി പൊടിയോടു ചേരും" എന്നുതന്നെ. മരണം മനുഷ്യനും മൃഗത്തിനും തുല്യമാണെന്നും നിങ്ങൾ കാണുന്നു. രണ്ടിനും സംഭവിക്കുന്ന മരണം സംബന്ധിച്ച് ഒരു ഭേദവും നമ്മുടെ ജ്ഞാനേന്ദ്രിയങ്ങൾക്ക് ബോധ്യപ്പെടുന്നില്ല. തിരുവെഴുത്തുകൾ പ്രസ്താവിക്കുന്നു: "ഒന്നുമരിക്കും പോലെ മറ്റേതും മരിക്കുന്നു. എല്ലാറ്റിനും ശ്വാസം (ജീവാത്മാവ്) ഒന്നത്രെ". (സഭാ. 3:19).

## മൃഗത്തെ അപേക്ഷിച്ചു മനുഷ്യനുള്ള മാഹാത്മ്യം

എന്നാൽ സ്രഷ്ടാവ് ഭവിഷ്യായുസ്സിനു വേണ്ടിയുള്ള ഒരു അഭിവാഞ്ഛ മനുഷ്യനിൽ പ്രകൃത്യാ ഉൾനട്ടിട്ടുണ്ട്. അതിന്റെ പ്രേരണയാൽ നാം ചോദിച്ചുപോകാറുണ്ട്: "ആശയ്ക്ക് യാതൊരു വഴിയും ഇല്ലേ-മനുഷ്യന് മൃഗത്തേക്കാൾ യാതൊരു വിശേഷതയും ഇല്ലേ" എന്ന്. എന്നാൽ തിരുവെഴുത്തുകൾ നമുക്ക് ഉറപ്പു നൽകുന്നത് മൃഗങ്ങൾക്കുവേണ്ടി ചെയ്തിട്ടില്ലാത്ത ഒന്ന് മനുഷ്യനുവേണ്ടി സ്രഷ്ടാവു കരുതിയിട്ടുണ്ടെന്നാണ്, അത് നിത്യജീവൻ തന്നെ. ദൈവം ആദിയിൽത്തന്നെ ഇതിനുവേണ്ടി കരുതി. എന്നാൽ ഇത് ജന്മസിദ്ധമായിത്തന്നെ അവനു മരണമില്ലായ്മ ഉള്ളതുകൊണ്ടല്ല, ജീവൻ എന്നാളും നില നിർത്തുന്നതിനുപകരിക്കുന്ന ജീവപരിപോഷകമായ വൃക്ഷങ്ങൾ ഏദനിൽ ഉണ്ടായിരുന്നതിനാലാണ്. എന്നാൽ ഈ ദൈവദാനം സോപാധികമായിരുന്നു. അത് സ്രഷ്ടാവിനോടുള്ള ആദാമിന്റെ അനുസരണത്തെ ആശ്രയിച്ചിരുന്നു. മനുഷ്യന്റെ അനുസരണക്കേട് മരണവിധിക്ക് കാരണമായി എന്നും ആ ശിക്ഷാവിധി നിറവേറുന്നതിനായി ഏദനിൽ നിന്ന് ആദാമിനെ പുറത്താക്കി, അവിടുത്തെ ജീവപരിപോഷകങ്ങളായ വൃക്ഷങ്ങളിൽ നിന്ന് അവനെ അകറ്റി എന്ന് തിരുവെഴുത്ത് പഠിപ്പിക്കുന്നു. ഇങ്ങനെ ഭ്രഷ്ടനായ ശേഷം "നീ ചാകവേ ചാകും" എന്ന ശിക്ഷാവിധി ആദാമിൽ ക്രമേണ ഫലിച്ചുതുടങ്ങുകയും ഒന്നാമായിരാമാണ്ടു

ദിവസത്തിന്റെ ഏതാണ്ടു ഒടുവോളവും അവൻ ജീവിച്ച ശേഷം മരിക്കുകയും ചെയ്തു. അവന്റെ സന്തതി പരമ്പര തലമുറകളിലൂടെ ഉപരിയുപരി ദുർബലരായിത്തീർന്നു. (ശാസ്ത്രത്തിലും, ചികിത്സാ വിധികളിലും, ആരോഗ്യസംരക്ഷണ നടപടികളിലും അഭിവൃദ്ധിപ്പെട്ടെങ്കിലും) ഇന്ന് മനുഷ്യന്റെ ശരാശരി ആയുസ് 35 വർഷം മാത്രമാണ്. “ഏറെയായാൽ 80 സംവത്സരം; അതിന്റെ പ്രതാപമോ പ്രയാസവും ദുഖവും”. അവർ ക്ഷണത്തിൽ ജീവനുള്ളവരുടെ ദേശത്തുനിന്ന് ഛേദിക്കപ്പെട്ടു. “വൈരിയുടെ ദേശത്തേക്ക് അതായത് മരണത്തിന്റെ മഹാകാരാഗൃഹത്തിലേക്കു പോകുന്നു. ഈ തടവറയിൽ നമ്മുടെ വർഗ്ഗത്തിലെ രണ്ടായിരം കോടിപേർ ബന്ധിക്കപ്പെട്ടിരിക്കുന്നതായി കണക്കാക്കപ്പെടുന്നു”. അവിടെ ദുഷ്ടന്മാർ പീഡനത്തിൽ നിന്നു വിരമിക്കുന്നു; ക്ഷീണിതന്മാർ വിശ്രമിക്കുന്നു (ഇയ്യോ. 3:17–19).

## ദൈവം അത്രമേൽ ലോകത്തെ സ്നേഹിച്ചു

മരിച്ചവരെ സംബന്ധിച്ച നമ്മുടെ അന്വേഷണത്തിന് തിരുവെഴുത്തുകൾ മറുപടി നൽകുന്നു. ദിവ്യന്യായാസനം പാപത്തിനു വിധിച്ച മരണമാകുന്ന ശിക്ഷ തികച്ചും നീതിയുക്തമാണ് എന്നു ഉറപ്പു നൽകുന്നതോടെ നമ്മുടെ സ്രഷ്ടാവ് കാരുണ്യവാനും, ദീനദയാലുവും ആണെന്നും കൂടെ അതു വ്യക്തമാക്കുന്നു. ഒരു കണ്ണിനും ദയ തോന്നാതിരിക്കുകയും ഒരു കരവും നമ്മെ വീണ്ടെടുക്കാൻ ഇല്ലാതിരിക്കുകയും ചെയ്തപ്പോൾ അവന്റെ ഭുജം നമുക്ക് രക്ഷ വരുത്തി. പാപം, രോഗം, വേദന എന്നിവയിൽ നിന്ന് നമ്മെ വിടുവിക്കുന്നതിനും മരണത്തിന്റെ തടവറയിൽ നിന്നു മോചിപ്പിക്കുന്നതിനും ദൈവപുത്രന്മാരുടെ സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും നമുക്ക് യഥാസ്ഥാനത്താക്കുന്നതിനുമായി നീട്ടപ്പെട്ട യഹോവയിൻ ഭുജമായി തിരുവെഴുത്തുകൾ യേശുവിനെ ചൂണ്ടിക്കാണിക്കുന്നു. ഈ ദിവ്യകാരുണ്യം കൊണ്ടാണ് നമ്മുടെ വീണ്ടെടുപ്പിനായി തക്ക കാലമായപ്പോൾ ദൈവം തന്റെ ഏകജാതനെ ഭൂമിയിലേക്കയച്ചത്. നമുക്കുവേണ്ടി മറുവില നൽകുന്നതിനും അവസാനമായി

ദിവ്യകാരുണ്യം അംഗീകരിക്കുന്ന ആരെയും മരിച്ചവരിൽ നിന്നുള്ള പുനരുത്ഥാനം വഴി വീഴ്ചയുടെ എല്ലാ അവശതകളിൽ നിന്നും വീണ്ടെടുക്കുന്നതിനുംതന്നെ. എന്നാൽ നീതിയെ അവഗണി ച്ചുകൊണ്ട് കരുണകാണിപ്പാൻ ദൈവത്തിനു കഴിയുമായിരുന്നില്ല. യേശുവിൽ വിശ്വസിക്കുന്നവരെ നീതീകരിക്കുന്നവനാകുന്നതിന് ദൈവം നീതിമാനായിരിക്കുന്നത് ആവശ്യമായിരുന്നു. നീതി ആവശ്യപ്പെടുന്ന പ്രകാരം പാപശിക്ഷയിൻ കടം നമ്മുടെ വീണ്ടെടുപ്പുകാരൻ വഴി കൊടുത്തു തീർക്കേണ്ടിയിരുന്നു. തദനന്തരമേ വിടുതലിന്റേയും യഥാസ്ഥാപനത്തിന്റേയും വേല ആരംഭിക്കുവാൻ കഴിയൂ. പാപത്തിന്റെ ശിക്ഷ എന്താണ്; എന്തല്ല എന്നതിനെ സംബന്ധിച്ച നിരാക്ഷേപമായ തെളിവ് ഇവിടെയുണ്ട്. എങ്ങനെയെന്നാൽ നമ്മുടെ പാപത്തിനുള്ള ശിക്ഷയാണ് ക്രിസ്തു വഹിച്ചത് എന്നിരിക്കെ, അവന് എന്ത് നേരിട്ടു? അതുതന്നെയാണ് പാപത്തിന്റെ ശിക്ഷ. അവൻ നമുക്കുവേണ്ടി എന്താണ് ചെയ്തത്? അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ നൽകി. “അവൻ നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു''. ''അവൻ തന്റെ ആത്മാവിനെ (നമ്മുടെ) പാപങ്ങൾക്കു പ്രായശ്ചിത്തമായി നൽകി”. “അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു” (റോമ.5:8; 1 പത്രൊ. 3:18; 1 കൊരി. 15:3; മത്താ. 26:28; യെശ. 53:4-12).

## പാപത്തിന്റെ ശിക്ഷ നിത്യദണ്ഡനമല്ല

നമ്മുടെ വീണ്ടെടുപ്പിനുള്ള വിലയായി ക്രിസ്തു നിത്യ ദണ്ഡനം അനുഭവിച്ചില്ല എന്നത് വ്യക്തമാണ്. അതുകൊണ്ട് നിത്യദണ്ഡനമല്ല പാപത്തിന്റെ ശിക്ഷ. ശിക്ഷ എന്നതിന് തെളിവു വേണമെങ്കിൽ അത് വേറെങ്ങും തേടേണ്ടതില്ല. ക്രിസ്തു നമ്മുടെ പാപങ്ങൾക്കായി മരിക്കുകയും നമുക്കു വേണ്ടിയുള്ള അവന്റെ ജീവബലി സ്വർഗ്ഗീയ പിതാവ് അംഗീകരിക്കുകയും ചെയ്തു എന്നത് പാപം കൊണ്ട് നാം നഷ്ടപ്പെടുത്തിയത് നമ്മുടെ ജീവനാണെന്നു തെളിയിക്കുന്നു. ദിവ്യന്യായാസനം ഒരു വർഗ്ഗമെന്ന നിലയിൽ നമുക്കു വിധിച്ച ശിക്ഷ വധശിക്ഷ തന്നെ എന്നു വരുന്നു. മരണശിക്ഷയ്ക്കു വിധിക്കപ്പെട്ട വർഗ്ഗം ഒന്നാകെ മൃതിയുടെ

മഹാകാരാഗൃഹത്തിൽ, ശവക്കുഴിയിൽ ബന്ധിക്കപ്പെടുന്നു. ഈ മരണകാരാഗൃഹത്തെ (ശവക്കുഴിയെ)യാണ് എബ്രായഗ്രീക്കു മൂലങ്ങളിൽ 'ഷിയോൾ' എന്നും 'ഹേഡീസ്' എന്നും യഥാക്രമം പറയുന്നത്. അതുകൊണ്ട് നമുക്ക് പ്രിയനായ വീണ്ടെടുപ്പുകാരൻ നമുക്കുവേണ്ടി തന്റെ പ്രാണൻ ദാനം ചെയ്തപ്പോൾ 'ഷിയോലിൽ' (ശവക്കുഴിയിൽ) പ്രവേശിച്ചു. അവൻ നമ്മുടെ സ്ഥാനം സ്വീകരിച്ചു. നമുക്കുവേണ്ടി പാപത്തിന്റെ ശിക്ഷയായ മരണം അനുഭവിച്ചു.

ക്രിസ്തുവിന്റെ മരണം, മരണന്യായവിധിയിൽ നിന്ന് നമ്മെ വിലയ്ക്ക് കൊള്ളുന്നതുപോലെ മരണത്തിൽ നിന്നുള്ള അവന്റെ പുനരുത്ഥാനം അവനെ അംഗീകരിച്ച് അനുസരിക്കുന്ന ആർക്കും നീതീകരണത്തിന്റെ ഉറപ്പു നൽകുന്നു. മറുവിലയാഗം തികച്ചും ഊനമറ്റതായിരുന്നു എന്ന് സ്വർഗ്ഗീയ പിതാവ് തന്റെ അംഗീകാരംവഴി തെളിയിച്ചിരിക്കുന്നു. ക്രൂശിലെ മരണത്തോളം അനുസരണ മുള്ളവനായിത്തീർന്ന സ്വപുത്രനെ പിതാവ് ഉയിർപ്പിച്ചു. താമസിയാതെ പിതാവിന്റെ പ്രതിപുരുഷൻ എന്ന നിലയിൽ തന്റെ രക്തത്താൽ വീണ്ടുകൊള്ളപ്പെട്ട മുഴുവൻ ലോകത്തെയും അനുഗ്രഹിക്കുന്ന മഹാ വേല അവൻ ആരംഭിക്കുകയും ചെയ്യും.

## മരണത്തിന്റെ തടവുകാർക്കു മോചനം

ലോകത്തെ അനുഗ്രഹിക്കുക എന്നുവെച്ചാൽ എന്താണ്? മരണത്തിന്റെ തടവറതുറന്ന് ആറായിരം വർഷക്കാലങ്ങളായി അവിടെ ബന്ധിക്കപ്പെട്ടുവരുന്നവരെ മോചിപ്പിക്കുക എന്നുതന്നെ. ഇതുകൊണ്ടുതന്നെയാണ് നമ്മുടെ കർത്താവിനെ ജീവദാതാവെന്ന് വിളിക്കുന്നത്. കാരണം അവന്റെ മുഖ്യവേല ആദാമിൽ ജീവൻ നഷ്ടപ്പെട്ട മനുഷ്യ സമുദായത്തിന് ജീവൻ തിരികെ നൽകുക എന്നതാണ്. ജീവൻ തിരികെ നൽകുന്നതോടെ വേദനകളും രോഗങ്ങളും ഇതര വിഷമതകളും ദൂരീകൃതമാകും. കാരണം അവയെല്ലാം മനുഷ്യനിൽ കടന്നുകൂടിയ മരണവ്യാപാരത്തോടു ബന്ധപ്പെട്ടതു തന്നെ. ഈ നിലയ്ക്ക് നമ്മുടെ വീണ്ടെടുപ്പുകാരനെ ഒരു മഹാ ഭിഷഗ്വരനായി പറയുന്നത് യുക്തമാണ്. മരണത്തിന്റെ കാരാഗൃഹം തുറന്ന് ബദ്ധന്മാർക്ക് മോചനം നൽകുന്നതിനെ

സംബന്ധിക്കുന്ന പ്രവചനം (യെശ.42:6,7) തന്നെ സംബന്ധിക്കുന്നതാണെന്ന് കർത്താവ് നിസ്സംശയം പറഞ്ഞിട്ടുണ്ട്. എന്നാൽ തന്റെ പുനരുത്ഥാനത്തിന്റെ ശേഷം ഉടൻതന്നെ മരണത്തിന്റെതടവറതുറന്ന് മുഴുവൻ ബദ്ധന്മാരെയും അവൻ മോചിപ്പിച്ചില്ല, ഈ വേല എപ്പോൾ നടക്കുമെന്ന് അവൻ പറയുന്നുണ്ട്. ‘‘കല്ലറകളിൽ ഉള്ളവരെല്ലാവരും അവന്റെ ശബ്ദം കേട്ട്പുറത്തുവരുന്ന നാഴിക വരുന്നു (യോഹ. 5:25,29). കേൾക്കുന്നവർ (അവന്റെ ശബ്ദം അന്ന് അനുസരിക്കുന്നവർ) ജീവിക്കും” (അപ്പൊ. 3:22).

## സുവിശേഷയുഗത്തിന്റെ മുഖ്യലക്ഷ്യം

ഈ തിരുവെഴുത്തുകളിൽ സുവിശേഷയുഗമെന്ന അന്ധകാര കാലഘട്ടത്തെക്കുറിച്ച് കർത്താവ് മൗനം ഭജിക്കയും തുടർന്നു വരുന്ന യുഗത്തിൽ വിജയശ്രീലാളിതമാവാനുള്ള മഹാവേലയെ സംബന്ധിച്ച് പറയുകയും ചെയ്തു. കാരണം അങ്ങനെയായിരുന്നു പിതാവിന്റെ ഇഷ്ടം. “പിതാവു പുത്രനെ അയച്ചു” യഥാസ്ഥാപനത്തിന്റെയും പുനരുത്ഥാനത്തിന്റെയും കാലം വരികയും മശിഹായുടെ ഭരണം വഴി ലോകാനുഗ്രഹം ആരംഭിക്കുകയും ചെയ്യുന്നതിനു വളരെ മുമ്പുതന്നെ പുത്രൻ വീണ്ടെടുപ്പിൻ വേല നിർവ്വഹിച്ചു. മറ്റൊരു വേല നിർവ്വഹിക്കുന്നതിനു വേണ്ടിയാണ് സുവിശേഷയുഗമെന്ന ഈ ഇടക്കാലം ദൈവം തന്റെ നിർണ്ണയത്തിൽ വ്യവസ്ഥ ചെയ്തത്. ആ വേലയാകട്ടെ “ചെറിയ ആട്ടിൻകൂട്ടം’’ എന്നറിയപ്പെടുന്ന സഭയുടെ തിരഞ്ഞെടുപ്പാണ്. സഹസ്രാബ്ദ രാജ്യത്തിലെ വാഴ്ചയിലും ബഹുമതിയിലും അവൾ ക്രിസ്തുവിനോടുകൂടി പങ്കാളിയായിരിക്കും. ‘‘രാജകീയ പുരോഹിതകുലം” “ഒരു പ്രത്യേക ജനം” “ഒരു വിശുദ്ധ ജാതി” എന്നെല്ലാം അറിയപ്പെടുന്നത് ഈ സഭയാണ്. അന്ധകാരത്തിന്റെ പ്രഭുവിനെ ഓടിക്കുക, മരണത്തിന്റെ തടവറകൾ തുറക്കുക, പാപത്തിനും, അജ്ഞതയ്ക്കും, അന്ധവിശ്വാസത്തിനും അടിമകളായ ബദ്ധന്മാരെ മോചിപ്പിക്കുക എന്നീ വിപുലവും മഹത്തരവുമായ വേലയിൽ അവൾക്ക് അവനോടുകൂടി

പങ്കുണ്ടായിരിക്കും. നിന്റെ സന്തതിയാൽ ഭൂമിയിലെ സകലവംശ ങ്ങളും അനുഗ്രഹിക്കപ്പെടുമെന്ന് ദൈവം അബ്രഹാമിനോടു നൽകിയ കൃപയിൻ വാഗ്ദാനങ്ങൾ ഉൾക്കൊള്ളുന്നതെല്ലാം നിർവ്വഹിക്കുന്നതിൽ ന്യായമായി അവൾക്ക് പങ്കുണ്ടായിരിക്കും (ഗലാ. 3:8,16,29). സന്തതി എന്നു പറയുന്നത് ക്രിസ്തുവിനെയും തിരഞ്ഞെടുക്കപ്പെട്ട സഭയാകുന്ന അവന്റെ ശരീരത്തെയും കുറിച്ചാണ്.

## ഒന്നാം പുനരുത്ഥാനം

ഇതുവരെ പ്രതിപാദിച്ചതിൽ നിന്ന് ഇരുവിധമായ പുനരു ത്ഥാനങ്ങളെ സംബന്ധിച്ച വേദോപദേശം നമുക്ക് ശ്രദ്ധാവി ഷയമായിത്തീരുന്നു - നമ്മുടെ കർത്താവിനും തിരഞ്ഞെടുക്കപ്പെട്ട സഭയായ അവന്റെ ശരീരത്തിനുമുള്ള - മറ്റാർക്കും ഇല്ലാത്ത - ഉന്നതതരമായ അഥവാ ഒന്നാം കിടയിലുള്ള പുനരുത്ഥാനം - ആദ്യ ത്തെയും - ഇത് മുഖ്യമായ - പ്രത്യേകമായ - ഒന്നാമത്തേതായ പുനരുത്ഥാനമാണ് - ഇതിനു ശേഷം പൊതുവിൽ ഒരു പുനരു ത്ഥാനം ഉണ്ടായിരിക്കും. ഒന്നാം പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനുമാണ്. അങ്ങനെയുള്ളവരുടെമേൽ രണ്ടാം മരണത്തിന് അധികാരമില്ല. അവർ ദൈവത്തിന് രാജാക്കന്മാരും പുരോഹിതന്മാരും ആയിരിക്കും. അവർ ഭൂമിയിൽ വാഴും. അവരാണ് സഹസ്രാബ്ദ രാജകീയ ഗണം. ഒന്നാം പുനരുത്ഥാനം ലഭിക്കുന്നവർ മനുഷ്യപ്രകൃതിയിൽ നിന്നു ദിവ്യപ്രകൃതിയിലേക്കു രൂപാന്തരം പ്രാപിക്കുന്നു. ആത്മീയ പ്രകൃതികളിൽ ഏറ്റം ഉയർന്ന പടിയിൽപ്പെട്ടതാണ് ഈ ദിവ്യ പ്രകൃതി. "ജഡരക്തങ്ങളോടുകൂടിയ മാനുഷപ്രകൃതിയിൽ നിന്ന് വ്യത്യസ്ഥമാണ് ആത്മ പ്രകൃതി. "ജഡരക്തങ്ങൾക്ക് [മാംസവും രക്തവും എന്ന പ്രയോഗം പല രെയും കുഴക്കിയിട്ടുണ്ട്. ഇതു മനുഷ്യപ്രകൃതിയെ കുറിക്കുന്നു എന്ന് അവർ മനസ്സിലാക്കുന്നില്ല. അങ്ങനെയുള്ളവർ ഇതേ പ്രയോഗം വരുന്ന ഇതരഭാഗങ്ങൾ പരിശോധിക്കട്ടെ. അപ്പോൾ ഞങ്ങൾ കൊടുത്ത മനുഷ്യപ്രകൃതി എന്ന അർത്ഥ നിർണ്ണയം ശരിയും വേദാ നുസൃതവുമെന്ന് അവർക്കു ബോദ്ധ്യമാകും. താഴെവരുന്ന ഭാഗങ്ങൾ

നോക്കുക (മത്താ. 16:17; യോഹ. 3:5,6; 1 കൊരി. 15:50; ഗലാ. 1:16; എബ്രാ. 2:14).] ദൈവരാജ്യത്തെ അവകാശമാക്കുവാൻ കഴിയുകയില്ല'' ഈ രൂപാന്തരത്തിന്റെ ഏതാനും സ്വഭാവ വിശേഷങ്ങളെ അപ്പൊസ്തലൻ എടുത്തുകാട്ടുന്നുണ്ട്; ബലഹീന തയിൽ നിന്ന് ശക്തിയിലേക്കും അപമാനത്തിൽ നിന്ന് തേജ സ്സിലേക്കും ദ്രവത്വത്തിൽ നിന്ന് അദ്രവത്വത്തിലേക്കും പ്രാകൃത ശരീ രത്തിൽ നിന്ന് (മാനുഷികം) ആത്മീകശരീരത്തിലേക്കുമുള്ള ഒരു അവസ്ഥാന്തരമാണ് അത്.

## ഒന്നാം പുനരുത്ഥാനത്തിന്റെ സമയം

ക്രിസ്തുവിന്റെ ശരീരമായ സുവിശേഷസഭ പൂർത്തിയാകുകയും സുവിശേഷ യുഗം സമാപിക്കുകയും ചെയ്യുമ്പോഴാണ് ഈ ശ്രേഷ്ഠപുനരുത്ഥാനത്തിന്റെ കാലമെന്ന് തിരുവെഴുത്തിൽ സർവ്വത്ര സൂചനയുണ്ട്. ഈ രൂപാന്തരത്തിൽ ജീവനോടിരിക്കുന്ന സഭാംഗങ്ങളും ഉൾപ്പെടും. ഈ രൂപാന്തരം ക്ഷണത്തിൽ കണ്ണി മയ്ക്കുമളവിലായിരിക്കും. അതായത് മനഷ്യരെന്ന നിലയിൽ അവർ മരണമടയുന്ന വിനാഴികയിൽത്തന്നെ ആത്മജീവികളായി രൂപാന്ത രം പ്രാപിക്കുകയും ചെയ്യും. ഇതേ സമയത്തുതന്നെ മരിച്ചുപോയ ദൈവജനത്തെ സംബന്ധിച്ച് തിരുവെഴുത്തുകൾ പറയുന്നത് മറ്റു ള്ളവർക്കൊപ്പം അവരും വാസ്തവത്തിൽ മരിക്കുകതന്നെ ചെയ്തുവെന്നും അവർ ഒന്നും അറിയുന്നില്ലെന്നുമാണ്. എന്നാൽ ദൈവം അവർക്ക് പുനരുത്ഥാനം നൽകുമെന്നുള്ളതുകൊണ്ടും ആ വസ്തുത അവരെ അറിയിച്ചിരിക്കുന്നതുകൊണ്ടും അവർ അതിൽ പ്രത്യാശ വച്ചിരിക്കയാലും അവരെ സംബന്ധിച്ച് കേവലം നിദ്രകൊ ള്ളുന്നതായി, പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കുന്നതായി പറഞ്ഞി രിക്കുന്നു. അപ്പൊസ്തലൻ പറയുന്ന പ്രകാരം നീതിയുള്ള ന്യായാ ധിപതിയായ കർത്താവിൽ നിന്ന് നീതിയുടെ കിരീടം പ്രതീക്ഷിച്ചു കൊണ്ട് അവർ നിദ്രകൊള്ളുകയാണ് (2 തിമൊ. 4:8).

## ലോകത്തിന്റെ പുനരുത്ഥാനം

ഇപ്രകാരം തന്നെ കർത്താവിനെ ഇതുവരെയും അറിഞ്ഞിട്ടില്ലെങ്കിൽത്തന്നെയും ലോകത്തെ സംബന്ധിച്ചും യേശുവിൽ "നിദ്രകൊള്ളുന്നു" എന്നു പറഞ്ഞിരിക്കുന്നു. ഇതിനുമതിയായ കാരണം ഉണ്ട്. മുഴുവൻ ലോകവും ആദാമിലാണ് ശിക്ഷ വിധിക്കപ്പെട്ടത്. അവർ നേരിട്ട് ലംഘനം ചെയ്തതുകൊണ്ടല്ല, കാരണം ലംഘനവും ശിക്ഷാവിധിയും നടന്നപ്പോൾ അവർ ആദാമിന്റെ കടിപ്രദേശത്തായിരുന്നു. അതുപോലെതന്നെ ഇപ്പോൾ ക്രിസ്തു എല്ലാവർക്കും വേണ്ടി ജീവൻ, മറുവിലകൊടുത്തിരിക്കുകയും ഏവരും മരണത്തിൽ നിന്ന് ഉണർത്തപ്പെടുകയും ചെയ്യുമെന്നിരിക്കെ ദൈവനിർണ്ണയം അറിയുന്ന ആർക്കും ഈ ഇടക്കാലത്തെപ്പറ്റി ഇത് ഒരു നിദ്രയാണെന്ന് അലങ്കാരരൂപേണ പറയാം.

മരണകാരാഗൃഹത്തിൽ ബന്ധിക്കപ്പെടുന്ന നമ്മുടെ എല്ലാ സുഹൃത്തുക്കളെപ്പറ്റിയും പുനരുത്ഥാനത്തിന്റെ പ്രത്യാശയ്ക്ക് നമുക്ക് അവകാശമുണ്ടെന്നും അപ്പൊസ്തലൻ ഉൽബോധിപ്പിക്കുന്നു. ക്രിസ്തുവിൽ വിശുദ്ധീകരണം പ്രാപിച്ചവരെപ്പറ്റി മാത്രമല്ല ഈ പ്രത്യാശയുള്ളത്. "അവൻ പറയുന്നത്" സഹോദരന്മാരേ! നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദുഖിക്കാതിരിക്കേണ്ടുന്നതിന് നിദ്രകൊള്ളുന്നവരെക്കുറിച്ച് അറിവില്ലാതിരിക്കരുത് എന്ന് ഞാൻ ആഗ്രഹിക്കുന്നു. യേശുക്രിസ്തു (ഏല്ലാവർക്കുംവേണ്ടി മറുവിലയായി) മരിക്കുകയും (എല്ലാവർക്കും കർത്താവും ജീവദാതാവും ആയിരിക്കേണ്ടുന്നതിന്) ഉയർക്കുകയും ചെയ്തുവെങ്കിൽ അങ്ങനെതന്നെ ദൈവം ക്രിസ്തുവിൽ നിദ്രകൊള്ളുന്ന ഏവരേയും (അവൻ തന്റെ വിലയേറിയ രക്തത്താൽ വിലയ്ക്കു കൊള്ളുന്ന ഏവരേയും) അവൻ മുഖാന്തരം (മരണകാരാഗൃഹത്തിൽ നിന്ന്) കൊണ്ടുവരും (1 തെസ്സ. 4:13,14).

ഭാഗ്യവാന്മാരും വിശുദ്ധരും ക്രിസ്തുവിൽ വിശുദ്ധീകരണം പ്രാപിച്ചവരുമായ അവന്റെ ശരീരമാകുന്ന സഭയുടെ പുനരുത്ഥാനമാണ് ഒന്നാമത്തേത്. ആ നിലയ്ക്ക് ലോകത്തിനു പൊതുവിലുള്ള പുനരുത്ഥാനത്തെപ്പറ്റി ന്യായവിധിക്കായുള്ള പുനരുത്ഥാനം എന്നു

പറയുന്നു. ശിക്ഷാവിധിക്കായുള്ള പുനരുത്ഥാനമെന്ന് ചില വിവർത്തനങ്ങളിൽ ഇത് തെറ്റായി ഭാഷാന്തരപ്പെടുത്തിയിരിക്കുന്നു (യോഹ. 5:29). ന്യായവിധിക്കായുള്ള പുനരുത്ഥാനം എന്നു പറയാൻ കാരണമെന്ത്? ആദിയിൽ ആദാമിനു നൽകിയതും അനുസരണക്കേടു മൂലം അവൻ നഷ്ടപ്പെടുത്തിയതുമായ എല്ലാ മനുഷ്യരാശിയേയും യഥാസ്ഥാനത്താക്കുന്നതിനും അവരെ രക്ഷകന്റെ രക്തത്താൽ വീണ്ടെടുക്കുന്നതിനും ദൈവപക്ഷത്തു നിന്നു വേണ്ടുന്നതെല്ലാം ചെയ്തു കഴിഞ്ഞിട്ടുണ്ടെങ്കിലും ഈ അനുഗ്രഹത്തിനു ചിലവ്യവസ്ഥകൾ അനുസരിക്കേണ്ടതുണ്ട്. അതു പുതിയ നിയമത്തിന്റെ വ്യവസ്തകൾതന്നെ.

## മരണത്തിൽ നിന്നുള്ള ഉണർത്തലല്ല പുനരുത്ഥാനം

ക്രിസ്തുയേശു മുഖാന്തരമുള്ള നിത്യജീവൻ അതിനുവേണ്ടി വാഞ്ഛയില്ലാത്ത ആർക്കും നൽകാൻ ദൈവം വിചാരിക്കുന്നില്ല. കൂടാതെ അവർ നീതിയിൻ പ്രമാണങ്ങളോട് ഹൃദയാത്മനാ പൊരുത്തപ്പെടുന്നവരായിരിക്കണം. ദിവ്യാധിപത്യത്തിന്റെ നിയമം എന്നുംതന്നെ നീതി എന്നതാണ്. അതുകൊണ്ട് മരണനിദ്രയിൽനിന്ന് ലോകം ഉണർന്നാലുടനെ പുനരുത്ഥാനമായി എന്നു വരികയില്ല. അതിന് പിന്നെയും വളരെകാര്യങ്ങൾ നടക്കണം. പുനരുത്ഥാനം എന്നത് "പൂർണ്ണവും വേദാനുസരണവുമായ അർത്ഥത്തിൽ പാപമരണങ്ങളിൽ നിന്ന് പൂർണ്ണജീവനിലേക്കുള്ള ഒരു സമ്പൂർണ്ണമായ എഴുന്നേൽപ്പിക്കലാണ്".

മരണകാരാഗൃഹത്തിൽ പ്രവേശിച്ചവർക്കായി ക്രിസ്തുവും സഭയും ഒന്നാമതു ചെയ്യുന്നത് അവരെ ഉണർത്തുക എന്നതാണ്. അവർ ഉണരുമ്പോൾ ഭൗതിക പരിതസ്ഥിതികൾ മരണകാലത്തേതിൽ നിന്ന് വ്യത്യസ്തമായിരിക്കുകയില്ല. എന്നാൽ ജനസമുദായത്തിന്റെ സാമൂഹ്യ ജീവിതക്രമങ്ങളിൽ വലിയ അന്തരം ഭവിച്ചിരിക്കും. അജ്ഞതയുടെ സ്ഥാനം ജ്ഞാനം കരസ്ഥമാക്കിയിരിക്കും. നീതിയിൻ വാഴ്ചയും സ്നേഹത്തിൻ പ്രമാണവും സ്വാർത്ഥത്തിന്റെ പ്രമാണത്താൽ നയിക്കപ്പെടുന്ന പാപത്തിന്റെ വാഴ്ചയെ നിർമ്മാർജ്ജനം ചെയ്യും. ആയിരമാണ്ടേക്ക് ജനതകളെ വഞ്ചിക്കാ

തിരിക്കാൻ സാത്താൻ ബന്ധിക്കപ്പെടും. ആ രാജ്യത്തിൽ കർത്താവിനെ സംബന്ധിച്ച പരിജ്ഞാനത്തിൽ വളർച്ച പ്രാപിക്കുന്നതിനും മനസ്സും നടപ്പും അവന്റെ സ്നേഹത്തിൻ പ്രമാണത്തോട് പൊരുത്തപ്പെടുത്തുന്നതിനും ഏവരോടും ആവശ്യപ്പെടും. നൂറുവർഷത്തെ പരീക്ഷണത്തിനു ശേഷം നന്മയിലേക്കു തിരിയുവാനുള്ള വാസന പ്രകടിപ്പിക്കാത്തവർ അപ്പോഴും വ്യത്യസ്തമായ പരിതസ്ഥിതിയിൽ ഒരു ശിശുവായി പരിഗണിക്കപ്പെടുമെങ്കിലും രണ്ടാംമരണം വഴി ജീവനിൽ നിന്നു ഛേദിക്കപ്പെടും (യെശ. 65:20).

## ലോകത്തിന്റെ പുനരുത്ഥാനം പടിപടിയായി

നീതിയുടെ പാതയിൽ ആശാവഹമായ പുരോഗതി കാണിക്കാത്തവരുടെ കാര്യത്തിൽ പ്രതികൂലമായ ഒരു വിധി ഉണ്ടാകുകയും കൂടുതൽ അവസരം അനുവദിക്കാതെ വരികയും ചെയ്യുമെങ്കിലും നീതിയെ അന്വേഷിക്കുകയും രാജ്യ നിയമങ്ങളോട് പൊരുത്തപ്പെടുന്ന നിലയിൽ പുരോഗതി കാണിക്കയും ചെയ്യുന്നവർക്ക് അനുകൂലമായിരിക്കും ആ ന്യായാധിപന്റെ വിധി. അവർ പ്രതിവർഷം ശാരീരികമായും മാനസികമായും സാന്മാർഗ്ഗികമായും ഉപരിഉപരി ഉൽക്കർഷം പ്രാപിച്ചുകൊണ്ടിരിക്കും. ആദിയിൽ ആദാമിൽ കാണപ്പെട്ട പ്രകാരം സ്രഷ്ടാവിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും പൂർണ്ണമനുഷ്യത്വം ക്രമേണ പ്രാപിക്കും. ഇങ്ങനെ നോക്കുമ്പോൾ ലോകത്തിന്റെ പുനരുത്ഥാനം ക്രമേണ നടക്കുന്ന ഒന്നാണ്. ഇതിന്റെ ആദ്യഘട്ടം മരണത്തിന്റെ അബോധനിദ്രയിൽ നിന്നുള്ള ഉണർത്തലാണ്. തുടർന്നുള്ള പടികൾ ന്യായവിധിയുടെ പോക്കിനനുസരിച്ചായിരിക്കും. ന്യായവിചാരണയ്ക്കു വിധേയരായവരുടെ നടത്ത, നടത്തയ്ക്കനുസരിച്ചുതന്നെ ചിലരുടെ നടത്ത ന്യായാധിപന്റെ പ്രസാദത്തിനും മറ്റുചിലരുടേത് അപ്രീതിക്കും കാരണമായിത്തീരുന്നു. അയോഗ്യരായവർക്കു രണ്ടാം മരണത്തിനുള്ള വിധിയുണ്ടാകും. അല്ലാത്തവർക്ക് പൂർണ്ണതയിൽ എത്തുന്നതിനും നിത്യജീവൻ എന്ന അതിശ്രേഷ്ഠവരം പ്രാപിക്കുന്നതിനും യോഗ്യരാണെന്നു വിധിയുണ്ടാകും. നെടുവീർപ്പും മരണവും വിലാപവുമില്ലാത്ത സൗഭാഗ്യപൂർണ്ണമായ ഒരു പരിതസ്ഥിതിയിലാണ് ഈ നിത്യ

ജീവൻ അവർ അനുഭവിക്കുന്നത്. കാരണം പാപമോ പാപത്തിന്റെ ശിക്ഷകളോ മേലാൽ അവിടെ വാഴുന്നതല്ല. പഴയതെല്ലാം കഴിഞ്ഞു പോയിരിക്കും (വെളി. 21:4).

## മരണം ഒരു നിദ്ര

പുനരുത്ഥാരണവേല ആരംഭിക്കുന്നതുവരെ മരിച്ചവർ അബോധാവസ്ഥയിലാണ്. "നീ ചെല്ലുന്ന പാതാളത്തിൽ പ്രവൃത്തിയോ, സൂത്രമോ, അറിവോ, ജ്ഞാനമോ ഇല്ല". "അവന്റെ പുത്രന്മാർക്ക് ബഹുമാനം ലഭിക്കുന്നത് അവൻ അറിയുന്നില്ല". അവർക്ക് താഴ്ച ഭവിക്കുന്നതും അവൻ അറിയുന്നില്ല". പുരാതനപിതാക്കന്മാരെക്കുറിച്ച് ഇങ്ങനെ പറയുന്നു. "അവൻ അവന്റെ പിതാക്കന്മാരോടുകൂടി നിദ്രപ്രാപിച്ചു". പുതിയനിയമത്തിലും തദനുസരണമായ രേഖയുണ്ട്. "സ്തെഫാനോസ് നിദ്രപ്രാപിച്ചു". പുനരുത്ഥാനശേഷം കർത്തൃദർശനം ലഭിച്ചവരെപ്പറ്റി പൗലൊസ് പറയുമ്പോൾ "അവൻ അഞ്ഞൂറിലധികം സഹോദരന്മാർക്ക് ഒരുമിച്ചു പ്രത്യക്ഷനായി. അവർ മിക്കപേരും ഇന്നുവരെ ജീവനോടിരിക്കുന്നു. ചിലരോ നിദ്രപ്രാപിച്ചിരിക്കുന്നു". പിന്നെയും അവൻ ക്രിസ്തുവിൽ (ക്രിസ്തു എന്നത് പുതിയ സൃഷ്ടി എന്ന നിലയിൽ നമ്മുടെ കർത്താവിന്റെ പേരാണ്. അവന്റെ ഔദ്യോഗികപദവിയും അതു കുറിക്കുന്നു. യേശു എന്നതാകട്ടെ വീണ്ടെടുപ്പുകാരൻ എന്ന നിലയിലുള്ള പേരാണ്. ആ നിലയിലുള്ള അവന്റെ യാഗമരണം വഴി ആണല്ലോ എല്ലാവർക്കും മരിച്ചവരുടെ പുനരുത്ഥാനത്തിനുള്ള പങ്കു ലഭിക്കുന്നത്) നിദ്രകൊണ്ടവരെക്കുറിച്ച് പറയുന്നു. ഇവിടെ ലോകത്തിനും സഭയ്ക്കും തമ്മിലുള്ള വ്യത്യാസം അവൻ വ്യക്തമാക്കുന്നു. സഭ ശരീരാംഗങ്ങൾ എന്ന നിലയിൽ ക്രിസ്തുവിലാണ്. (ലോകം മുഴുവൻ ക്രിസ്തുവിൽ ഉറങ്ങുന്നു.) (സഭാ. 9:10; ഇയ്യോ. 14:21; 1 രാജാ. 2:10; 11:43; അപ്പൊ. 7:60; 1 കൊരി. 15:6,18; 1 തെസ്സ. 4:14).

സഭയെ സംബന്ധിച്ച് ഈ നിദ്രാവസ്ഥ നമ്മുടെ കർത്താവിന്റെ രണ്ടാംവരവുവരെ തുടരും. ക്രിസ്തുവിന്റെ പുനരാഗമനത്തിൽ ജീവനോടിരിക്കുന്നവർ മരിച്ചവർക്കു മുൻപേ അനുഗ്രഹം പ്രാപിക്കുകയില്ല. അതായത് ജീവനോടിരിക്കുന്നവർ നിദ്രകൊള്ളുന്നവരെ മുൻപി

ടുകയില്ല. ക്രിസ്തുവിൽ മരിച്ചവർ മുൻപേ ഉയിർക്കുന്നു. പിന്നീട് ജീവനോടിരിക്കുന്നവർ അനുഗ്രഹിക്കപ്പെടുകയും ഒടുവിലായി രൂപാന്തരം പ്രാപിക്കുകയും ചെയ്യുന്നു. മരണത്തിൽ നിന്ന് ഉണരുന്ന സമയം അവർക്കു മരണത്തിലേക്കു പ്രവേശിച്ചതിന്റെ അടുത്ത നിമിഷം എന്നപോലെ തോന്നും. കാരണം "പാതാളത്തിൽ അറിവോ, ജ്ഞാനമോ, സൂത്രമോ ഇല്ല".

## ദൈവത്തിന്റെ സർവ്വ ശക്തിയും ജ്ഞാനവും

പൊതുലോകത്തിന്റെ പുനരുത്ഥാന ശരീരം ആദ്യത്തെ ശരീരം പോലെതന്നെ ആയിരിക്കും. എന്നാൽ അണുവിനു അണു ആയിരിക്കയില്ല, എന്തെന്നാൽ ഈ മഹാവേലയിൽ നമ്മുടെ സ്രഷ്ടാവിന്റെ കയ്യിൽ പൊടിയുടെ അണുക്കൾക്കു തമ്മിൽ എന്തു ഗുണഭേദമാണുള്ളത്? "ഉണ്ടാകുവാനുള്ള ശരീരമല്ല നീ വിതയ്ക്കുന്നത്" എന്ന് വി.പൗലൊസ് പറയുന്നു (1 കൊരി. 15:37). ലോകത്തിന് പുനരുത്ഥാനത്തിൽ ലഭിക്കുന്ന ശരീരം പുതുതായിരിക്കും, അണുവിനണുവായി പഴയശരീരം പുനരുൽപാദിപ്പിക്കുകയല്ല എന്ന അർത്ഥത്തിലാണ് അവ പുതിയതായിരിക്കും എന്നു പറയുന്നത്. എന്നാൽ മുമ്പുണ്ടായിരുന്നത് മരണംകൊണ്ട് മൺമറഞ്ഞ് ദ്രവിച്ചതായ ശരീരത്തിന്റെ പകർപ്പ് എന്ന അർത്ഥത്തിൽ അതു പഴയതാണ്. ദൈവത്തിന്റെ അപ്രമേയ ശക്തിയെ അറിയാത്ത ലോകം പുനരുത്ഥാനത്തെ അവിശ്വസിക്കുന്നതിൽ നമുക്ക് അത്ഭുതപ്പെടേണ്ടതില്ല. ഇത് ഒരു മഹൽകൃത്യമായിരിക്കും. മനുഷ്യന്റെ ആദ്യസൃഷ്ടിയിലും പലമടങ്ങ് അത്ഭുതാവഹമായ ഒരു മഹാകൃത്യമായിരിക്കും. മനുഷ്യർക്കും ദൂതന്മാർക്കും മുമ്പ് അനുഭവപ്പെട്ടിട്ടില്ലാത്ത അളവിലുള്ള ഒന്നായിരിക്കും ദൈവത്തിന്റെ സർവ്വശക്തിയുടെ ഈ പ്രകടനം.

സ്വന്തം സാദൃശ്യത്തിൽ ആദ്യം മനുഷ്യനെ സൃഷ്ടിച്ചവൻ അവനെ വീണ്ടും ഭൂമിയിലെ പൊടിയിൽ നിന്നും നിർമ്മിച്ചിട്ട് ആ ശരീരത്തിൽ ജീവശക്തി പകരാൻ കഴിയുമെന്നു മാത്രമല്ല അതിലുപരി തന്റെ സർവ്വശക്തിയും അളവറ്റ ജ്ഞാനവും വെളിപ്പെടുമാറ് ഓരോരുത്തർക്കും ഈ ആയുസ്സിൽ ഉണ്ടായിരുന്നതിനു തുല്യമായ മസ്തിഷ്ക്കം പ്രദാനം ചെയ്യുവാൻകൂടെ കഴിയും. ഈ ആയുസ്സിൽ ഓരോ വ്യക്തിക്കുമുണ്ടായിരുന്ന വിചാരവികാരാനുഭൂതിമണ്ഡല

മാകെ അതിൽ രേഖപ്പെടുത്താനും അവൻ ശക്തനാണ്. മറ്റൊരു സ്ഥലത്തും സമയത്തും പ്രത്യുല്പാദിപ്പിക്കാൻകഴിയും വിധം ഒരു ഗ്രാമഫോൺ റിക്കാർഡിൽ വക്താവിന്റെ ശബ്ദം രേഖപ്പെട്ടുകിടക്കും പോലെതന്നെ കോടിക്കണക്കായ ജനാവലിയുടെ ചിത്തവൃത്തി മണ്ഢലത്തെ കൃത്യമായി പുനരാവിഷ്ക്കരിക്കാൻ ഒരു സർവ്വശക്തനായ ദൈവത്തിനു മാത്രമേ കഴിയൂ. നമ്മുടെ തലയിലെ രോമങ്ങളുടെ എണ്ണംപോലും അറിയുന്നവനും കുരികിലുകളുടെ പതനംപോലും ഗ്രഹിക്കുന്നവനും ആയ അവൻ മാത്രമേ ഇത്രവിസ്മയാവഹമായ ഒരു പ്രവൃത്തി ചെയ്യുവാൻ ശക്തനാകൂ. അവന്റെ വചനങ്ങളുടെ വെളിപ്പാടിലൂടെ നമുക്ക് അവനിൽ വിശ്വാസം ജനിക്കുമ്പോൾ മാത്രമാണ് സംഭവിക്കും എന്ന് അവൻ വാഗ്ദത്തം ചെയ്തിരിക്കുന്ന ഈ മഹാത്ഭുതത്തിൽ നമുക്ക് ഉറപ്പു വരുന്നത്.

## എല്ലാവരും ഒരുമിച്ചല്ല ഉണർത്തപ്പെടുന്നത്

മനുഷ്യ സമുദായം ഒരുമിച്ച് ഉണർന്നെഴുന്നേൽക്കും എന്ന് പ്രതീക്ഷിച്ചുകൂടാ. മിശിഹായുടെ രാജ്യത്തിന്റെ വേല ഒന്നാമത് ആരംഭിക്കുന്നത് ജീവനോടെ ശേഷിക്കുന്നവരിലാണ്. എന്നാലും അവർ മരിച്ചവർതന്നെ. എങ്ങനെയെന്നാൽ മരണത്തിന്റെ അധികാരത്തിൽ നിന്ന് പൂർണ്ണമായ തോതിൽ മോചനം അവർ പ്രാപിച്ച് ജീവനുള്ളവരായിത്തീർന്നിട്ടില്ല. ഇവർക്കായുള്ള യഥാസ്ഥാപനവേല കുറേ തുടർന്ന ശേഷം മുൻപു തന്നെ മരണത്തിൽ നിദ്രകൊണ്ടിരിക്കുന്നവരിൽ ചിലർ ഉണർത്തപ്പെട്ട് ആ മഹത്വദിനത്തിന്റെ അനുഗ്രഹങ്ങളിൽ പങ്കുകൊള്ളുമെന്ന് പ്രതീക്ഷിക്കാം. ക്രമേണക്രമേണ പിന്നീട് പിന്നീട് ഉള്ളവർ ഉണർത്തപ്പെടും. അങ്ങനെ ഒടുവിലായി ആ ദിവസത്തിൽ - ആ ക്രിസ്തുവിൻ ദിവസത്തിൽ - "കല്ലറകളിൽ ഉള്ളവരെല്ലാവരും ദൈവപുത്രന്റെ ശബ്ദം കേൾക്കു"മെന്നു പറഞ്ഞാൽ പുറത്തു വരിക എന്ന ആഹ്വാനം അനുസരിക്കുമെന്ന് സാരം. ദൈവത്തിന്റെ നന്മ, സ്നേഹം, കരുണ ഇവയെ സംബന്ധിച്ചുള്ള പരിജ്ഞാനം അവർക്കു നൽകും. അവർക്കു ആഗ്രഹിക്കുന്ന പക്ഷം മാനുഷിക പൂർണ്ണത നൽകപ്പെടും. ഈ കാലമാകുമ്പോഴേക്ക് ഭൂമി ഒരു പറുദീസയായി മാറിയിരിക്കും. യഥാസ്ഥാപനം പ്രാപിച്ച് ദൈവഭവനത്തിൽ വസിക്കാം. ഇപ്പോൾ വിളിക്കപ്പെട്ടിരിക്കുന്ന ഏവർക്കുമുള്ള ഉൽബോധനം രാജ്യത്തിൽ സ്ഥാനം ലഭിക്കത്തക്ക വിധം നമ്മുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കാൻ യത്നിക്കണമെന്നുതന്നെ.

## കാർമേഘത്തിൽ ഒരു വെള്ളിരേഖ

അന്നൊരു വിഭാതത്തിൽ തൻ പ്രഭാഷണദ്വാരാ
ചൊന്നൊരു സമാജത്തിൽ വേദോപദേഷ്ടാവേവം:
“ആദിമലംഘനത്തിൻ ഫലമായ് നിരാലംബം
മാനവ പരമ്പര പതിച്ചു നിത്യാഗ്നിയിൽ
അൽപ്പം പേരൊഴിച്ചയ്യോ ! മാനവസഹസ്രങ്ങൾ
തീപ്പൊയ്കയ്ക്കിരയെന്നു വന്നിതു മുഖാന്തരം”.
കേവലം വിശ്വാസത്തിന്നന്ധസങ്കൽപമതിൽ
പാവനാൽമാവായിടും തന്മകളഴൽപ്പെട്ടു;
നിഷ്ടൂരം നിരാധരമപ്പുരാതന പാഠം
നിർദ്ദയം വഞ്ചിച്ചതപ്പിഞ്ചു മാനസം തന്നെ.
വായ്പെഴും ദുഖത്തിന്റെ വാർത്തയീവിധം ചൊന്നു
വൽസലയാകും കൊച്ചുപെൺകിടാവൊരുമിച്ചു
വാസന്തമലരണി മധുരമാർഗ്ഗത്തൂടെ
വാരൊളി വിഭാതത്തിൽ നടന്നാനവൻ പിന്നെ.
ഒളിയാർന്നെങ്ങും പൂക്കളുല്ലാസം വളർത്തവേ
കിളികൾ കളകളമധുരാലാപം കൊൾകെ
നൽപരിസരഭംഗികണ്ടു വിസ്മയം പൂണ്ടി-
ട്ടപ്പിതാവുരചെയ്തു പുത്രിയോടേവം വിധം;-
“ഹന്ത ! കാൺ വിശ്വകലാകാരന്റെ വിലാസങ്ങൾ
എന്തഭികാമ്യമവൻ നൽകുമീ വിഭവങ്ങൾ
ഇപ്പുതുമരതക കാന്തിയുമിപ്പൂക്കളു-
മപ്പുരാതന പറുദീസിനെ സ്മരിപ്പിപ്പൂ!
ഗൽഗദാകുലമുരചെയ്തവൾ കഠോരമീ
പൂങ്കുലനേത്രോത്സവ പേശലമെന്നാകിലും.
ഏദനാം പൂന്തോപ്പില്ലാതിരുന്നുവെങ്കിലധ:-
പാതമുണ്ടാവാനിടവരുമായിരുന്നില്ല
തരുക്കൾ പൂവിട്ടിടാതിരുന്നുവെങ്കിൽ ദൈവ-
പരിലാളനം നഷ്ടപ്പെടുമായിരുന്നില്ല.
ശാസനാപൂർവ്വം പുത്രിയോടരുൾ ചെയ്തു താതൻ:-
“പേശലമല്ലാതെന്തുണ്ടവന്റെ പ്രവൃത്തിയിൽ?

അഴലോ സുഖങ്ങളോ നിഴലോ വെളിച്ചമോ
നിയതം തദിച്ഛയാവരുന്നതെന്താകിലും
അവനിൽ ഭയഭക്തിബദ്ധരാവണം നമ്മ-
ളവന്റെ വഴി മേഘതമസ്സുകളില്ലല്ലോ"
പെൺകിടാവോതി:- "ഭയമുണ്ടെനിക്കവങ്കൽ ഞാ-
നെങ്കിലും കൊതിക്കുന്നു സ്നേഹിക്കുവാനും കൂടി
എന്നാളുമച്ഛനൊപ്പം വാത്സല്യമന്ദസ്മേര-
സുന്ദരമായ് തീർന്നാവൂ തന്മുഖമെന്നാശിപ്പൂ".
വ്രണപ്പെട്ടുൾത്താരേവ മോമലാളോതിക്കേൾക്കെ
ക്ഷണത്തിൽ ചിന്താധീന മാനസനായിയവൻ
"മിഥ്യതൻ സങ്കൽപ്പമോ നരകസിദ്ധാന്തം, തൻ
നാഥനോടപരാധം ചെയ്തെന്നോ? - ഭയന്നവൻ.
"തന്മനം പോലും പരസ്നേഹാർദ്രമായിരിക്കെ
നന്മകൾക്കധിപനിൽ ക്രൗര്യമാരോപിച്ചെന്നോ?"
താരൊളിനോക്കി വിണ്ണിൻ നീലാഭകണ്ടും താഴെ
തന്മകളുടെ മുഖതാമര നിരീക്ഷിച്ചും
സ്നേഹത്തിന്നഭിനവ പാഠമൊന്നറിഞ്ഞവൻ,
മോഹന, മത്യാഹ്ളാദദായകം, ശാന്തികരം!
സന്തതമേതോ മിഥ്യാമൂർത്തിക്കോ മഹാദേവ-
സങ്കൽപ്പം പൂണ്ടു പൂജാവിധികളനുഷ്ഠിച്ചു?
ദേവദർശനം മേലാൽ മേഘമാണ്ടിരുൾ പൂണ്ട
സീനായിക്കൊപ്പം ഭയജനകമല്ലന്നായി.
സിറിയൻ താമരകൾക്കിടയിൽ നിൽക്കും ക്രിസ്തു-
ഭഗവാന്നൊപ്പമതു പരമാഹ്ളാദപ്രദം.
ഹോറേബിൽ തത്സാന്നിദ്ധ്യമുണ്ടായ കണക്കിനു
വേറൊന്നല്ലനാദ്യന്ത നന്മതാൻ തൻ വൈഭവം.
അലിവാൽ തത്പ്രാർത്ഥന മധുരീഭവിച്ചു മേൽ
ജ്വലിച്ചതില്ലാ വാക്കിൽ വിദ്വേഷഭൗത്യാഗ്നിയും;
അന്ധനേത്രങ്ങൾ ദീപ്തി കണ്ടെത്തി, പരിഹാസ-
തത്പരമായ നാവോ പ്രാർത്ഥനാനിരതമായ്,
ഒടുവിൽ സ്വർഗ്ഗീയോഷ്മാവുൾകൊണ്ടു തന്റെ വജ്ര-
കഠിനമാനസമോ കരുണാ മസൃണമായ്.

## ഞങ്ങളുടെ മറ്റ് ചില പ്രസിദ്ധീകരണങ്ങൾ

എന്താണ് സത്യം ❖ പൂർണ്ണ സുവിശേഷം ❖ ഭൂമിയിൽ വരുവാനുള്ള ദിവ്യാധിപത്യം ❖ യഥാർത്ഥ സ്വാതന്ത്ര്യം ❖ ന്യായവിധി ദിവസം ❖ ദൈവം നിങ്ങളെ സ്നേഹിക്കുന്നു ❖ ദൈവമോ സാത്താനോ വിജയിക്കുന്നത് ❖ യേശുവിന്റെ രണ്ടാം വരവ് ❖ യഥാസ്ഥാപനം ❖ മഹാപിരമിഡ് ❖ യിസ്രായേലിന്റെ തിരിച്ചുവരവ് ❖ നിങ്ങൾക്കറിയാമോ? ❖ പുതിയഭൂമി ❖ ആപത്ക്കരമായ മലിനീകരണം ❖ സമാധാനം, അതെങ്ങനെ കൈവരും ❖ പറുദീസയിലെ കള്ളന്മാർ ❖ ധനവാനും ലാസറും എന്ന ഉപമ ❖ മരിച്ചവരുടെ പുനരുത്ഥാനം ❖ മരിച്ചവർ എവിടെ? ❖ ആത്മാവ് എന്നാൽ എന്ത്? ❖ നരകം എന്നാൽ എന്ത്? ❖ ജീവനും അമർത്യതയും ❖ യഹോവയുടെ സാക്ഷികളുടെ ഉപദേശം വേദാനുസരണമോ? etc.

ഭൂമിയിൽ നിത്യമായി അധികാരത്തിൽ വരാൻപോകുന്ന ക്രിസ്തുവിന്റെ നീതിയുള്ള ഭരണത്തെയും യഥാസ്ഥാപനവേലയേയും സംബന്ധിച്ചുള്ള വേദസത്യങ്ങളുടെ കൂടുതൽ പഠനത്തിലേക്കും ബൈബിൾ പഠനത്തിനാവശ്യമായ ലഘുലേഖകൾ, പുസ്തകങ്ങൾ, ബൈബിൾ സ്റ്റാൻഡാർഡ് മാസിക മുതലായവയ്ക്കും താഴെകാണുന്ന വിലാസത്തിൽ ഞങ്ങൾക്ക് എഴുതുക.


**Courtesy by: BIBLE STANDARD MINISTRIES - LHMM**
**1156 St. Matthews Road, Chester Springs, PA, 19425-2700, USA.**

| For English | For Malayalam |
|---|---|
| Bro. V. Vincent Jeyakumar<br>Representative of India<br>Bible Standard Ministries - LHMM<br>32-D, Dr. Solomon Complex<br>Near Railway Gate, Nazareth<br>Tamil Nadu, India - 628 617<br>Cell : 9894926629<br>Email:vincent.v31@gmail.com | Bro. Abraham Mathew<br>Bible Standard Ministries - LHMM<br>Kakkamparampil<br>Vakathanam. P.O<br>Kottayam Dist, Kerala<br>India - 686 538<br>Cell: 9847553988<br>Email : enjoymathew@gmail.com |